K183

# അംബികാഷ്ടപ്രാസം

1935



എം. എസ്. ശ്രീധരൻ നമ്പൂതിരി

6935
K183

# അംബികാഷ്ടപ്രാസം

6935

K183

മഠം എസ്. ശ്രീധരൻനമ്പൂതിരി

വില 50 ന. പ.

പ്രസാധകർ:-
ശ്രീ ഗുരുവായൂരപ്പൻ പബ്ലിക്കേഷൻസ്,
(പ്രൈവററ്) ലിമിററഡ്, ഗുരുവായൂർ.

# അവതാരിക

6935

ഉത്തമകവിയായ മററം ശ്രീധരൻനമ്പൂതിരിയുടെ നാമം മലയാളികൾക്കു് ഏതാനും വ്യാഴവട്ടങ്ങൾക്കു മുൻപുതന്നെ സുപരിചിതവും ബഹുമതവും ആകുന്നു. 'കവനകൗമുദി' മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ലഘുകൃതികളാണു് അദ്ദേഹത്തിനു് ഈ ശ്ലാഘ്യ നേടിക്കൊടുത്തിരിക്കുന്നതു്. കൃത്യാന്തരവ്യാകുലതകൊണ്ടായിരിക്കണം അടുത്ത കുറേക്കാലമായി കവനവ്യവസായത്തിൽനിന്നും ഒഴിഞ്ഞുമാറിയാണു് കഴിഞ്ഞുകൂടുന്നതെങ്കിലും സഹൃദയന്മാർക്കും കൈരളിക്കും അദ്ദേഹത്തിനെ മറക്കുന്നതിനു സാധിക്കുന്നതല്ല. മററം അത്രയ്ക്കു് അവരുടെ കണ്ണിലുണ്ണിയായിട്ടുണ്ടു്. നൂതനപ്രസ്ഥാനങ്ങളും തദ്വിരചിതങ്ങളായ പ്രബന്ധസഹസ്രങ്ങളും സാധാരണ ജനങ്ങളെ വ്യാമോഹിപ്പിക്കുന്ന ഇക്കാലത്തും, ദൈവാനുഗ്രഹസിദ്ധമായ സഹൃദയത്വം, സൽക്കാവ്യരസാസ്വാദനംകൊണ്ടും സഫലമാക്കുന്നതിനു് ആഗ്രഹിക്കുന്നവർ അല്പം പിറകോട്ടു പോയി മററത്തെപ്പോലെയുള്ള വിദ്യുൽകവിവരേണ്യന്മാരുടെ കൃതികളെ ആശ്രയിക്കണം എന്ന ഒരു സ്ഥിതി ഏറെക്കുറെ വന്നു ചേർന്നിട്ടുണ്ടു്. അവർക്കു് മററത്തിൻെറ അംബികാഷ്ടപ്രാസാദികൃതികൾ വിശേഷേണ ഉപകാരപ്രദങ്ങളാകുന്നു. അവയും സൽക്കാവ്യസമുദായത്തിൽ മാന്യസ്ഥാനം ലഭിച്ചിരിക്കുന്നതിൻെറ രഹസ്യവും ഇതുതന്നെ.

ഇപ്പോഠം പ്രസിദ്ധപ്പെടുത്തുന്ന അംബികാഷ്ടപ്രാസം മാത്തിൻെറ ഒരു ഉത്തമകൃതിയാണെന്നും അതും കവനകൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും സൂചിപ്പിച്ചുവല്ലോ. അഷ്ടപ്രാസഭാസുരങ്ങളായ അനേകം കാവ്യങ്ങഠം സംസ്കൃതത്തിൽ മുൻകാലത്തുണ്ടായിട്ടുണ്ടു്. മഹാകവിയും ശ്രീരാമഭക്തചൂഡാമണിയും ആയ രാമഭദ്രദീക്ഷിതരുടെ രാമാഷ്ടപ്രാസാദികൃതികഠം അവയിൽ ഉഠംപ്പെടും. ഇക്കാലത്തും അത്തരം കാവ്യങ്ങഠം ഉണ്ടാകുന്നതായിട്ടാണു് അനുഭവം. ഭാഷയിൽ ഈ മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന കവികഠം വളരെ ചുരുക്കമാകുന്നു. തീരെയില്ലെന്നു പറയുവാൻ പാടില്ല; അത്രമാത്രം. എല്ലാവർക്കും സുഗമമായ ഒന്നല്ല ഈ കാവ്യസരണി എന്നതായിരിക്കണം അതിനു കാരണം. ഏതായാലും ഭാഷയിൽ ഈ രീതിയിൽ പറയത്തക്കതായ ഒരു മുഖ്യകൃതി സംഭവിച്ചതു ശ്രീ മാത്തിൻെറ തൂലികയിൽനിന്നുമാണെന്നു് ശങ്ക കൂടാതെ അഭിപ്രായപ്പെടാം. ഈ കാർയ്യത്തിൽ നമ്മുടെ കവിയും കാവ്യവും പ്രത്യേകം അഭിനന്ദനത്തെ അർഹിക്കുന്നു. സാധാരണക്കാർക്കു സുഗമമല്ലാത്ത ഒരു ശബ്ദാലങ്കാരമാർഗ്ഗത്തിൻെറ പരിപോഷകൻ എന്ന ബഹുമതി ശ്രീ മഠം പൂർണ്ണമായി അവകാശപ്പെടുന്നു.. ഈ കാവ്യകലയിൽ അദ്ദേഹത്തിനോടടുത്തുനില്ക്കുന്നതിനു സാധിച്ചിട്ടുള്ള കവികഠം വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്.

ഗ്രന്ഥത്തിൻെറ നാമംകൊണ്ടു് അതു് ദേവീസ്തുതിയെന്നു് ഗ്രഹിയ്ക്കാം. ദേവീഭക്തിസുധയുടെ നിഷ്യന്ദംകൊണ്ടു് മനോഹരങ്ങളാണു് ഇതിലെ പദ്യങ്ങഠം. ശ്രീ മാത്തിൻെറ അപ്രതിമമായ ഭക്തിക്കും പ്രതിഭാപ്രഭാവത്തിനും വിസ്തൃതമായ ഗ്രന്ഥപരിചയത്തിനും ദൃഷ്ടാന്തമാണു് ഈ ചെറിയപ്രബന്ധം. ശബ്ദസാമ്രാജ്യത്തിൽ അന്യാദൃശമായ ആധിപത്യവും സാഹിത്യമർമ്മജ്ഞതയും ലഭിച്ചിരിക്കുന്ന ഒരു പണ്ഡിതകവിക്കുമാത്രം

നിർമ്മിയ്ക്കുവാൻ കഴിയുന്നതാണ് ഈ അംബികാഷ്ടപ്രാസം. കവിയുടെ ഭാവനാവൈഭവത്തെ പ്രകാശിപ്പിക്കുന്നവയെ അത്ഥാലങ്കാരകല്പനകളും ഇതിൽ ധാരാളമുണ്ട്. എങ്കിലും ശബ്ദപ്രയോഗചാതുര്യംതന്നെ ഇതിൽ മുന്നിട്ടുനില്ക്കുന്ന ഗുണം. അതിൻെറ സൗരഭം പ്രസരിക്കാത്ത പദ്യങ്ങൾ ഇതിൽ കാണുവാൻ പ്രയാസപ്പെടും. വിസ്തരഭയത്താൽ ഉദാഹരണങ്ങൾ കാണിക്കുന്നില്ല.

ശ്രീമാൻ ദേവിയുടെ അനുഗൃഹീതനായ ഭക്തനാണെന്ന് ഈ സ്തോത്രകാവ്യതല്ലജം വെളിപ്പെടുത്തുന്നു. ഭക്തജനങ്ങൾക്കും സഹൃദയസമുദായത്തിനും ഒന്നുപോലെ രസകരവും ഹിതവുമാണ് ഈ സ്തോത്രകൃതി. ഇതു ഭക്തന്മാരുടെയും അഭിജ്ഞന്മാരുടെയും പൂർണ്ണമായ ആദരത്തിനു പാത്രമായും ഭാഷയിലെ ഒരു നൂതനമായ പ്രസ്ഥാനത്തിൻെറ അനഘമായ വിജയമണിപതാകയായും ഒരു ഉന്നതസ്ഥാനത്ത് പ്രകാശിക്കുമെന്നാണ് എൻെറ ദൃഢമായ അഭിപ്രായം.

എന്ന്

കവിതിലകൻ

വള്ളം,<br>1131 വൃശ്ചികം 27.

വടക്കുംകൂർ രാജരാജവമ്മരാജാ<br>(ഒപ്പ്)

K183

# അംബികാഷ്ടപ്രാസം

★

അമ്മേ, മൽകുലദേവി, ശംഭുനിടിലാ—
ക്ഷോന്മേഷജന്മാഞ്ചിതേ!
ചെമ്മേ ഞാൻ പ്രണമിക്കുവാൻ മഹിതമാം
നിന്മേനി കാണ്മോളവും.
എന്മേലൊന്നു കനിഞ്ഞു ചിന്മയമണി-
പ്പൊന്മേട തന്മോളിൽ ഞാൻ
സമ്മേളിച്ചിടുവാൻ തുണയ്ക്കുക സദാ
സന്മോഘലരമ്യാകൃതേ!

2

നാനാപീഡകരാം ദുരവമാർന്നുയരുമ-
ജ്ഞാനാർണ്ണവക്കോളിലീ
ഞാനാഹന്ത പതിക്കിലാർത്തിനെഴും
മാനാപകർഷം ശിവേ!
ദീനാനുഗ്രഹദീക്ഷിതേ നതജനാ-
ധീനാത്മികേ സച്ചിദ്ര
ധ്യാനാനന്ദലതേ ഭവൽ കരുണയാൽ
ധീനാഥനാവട്ടെ ഞാൻ!

3

മായാസംസൃതി സാഗരത്തിരകളിൽ
കായാവലംബം നിന-
ച്ഛായാസപ്പെട്ടുമെൻ മനസ്സിനുലകിൻ
തായാം പരം ധാമമേ!
നീയാണോർക്കുകിലുററ ബന്ധു പഴതേ
പായാതെകണ്ടിന്നിമേൽ
ന്യായാവസ്ഥിതി ചേർത്തു കാക്കണമതി-
ന്നീയാളുകൾക്കാവതോ?

4

കാമപ്രാണഹരനു കാമദമണി-
ല്പമഞ്ചമേ, ദേവി, നിൻ
പ്രേമശ്രീമിളിതാവലോകനകലാ-
സാമർത്ഥ്യമത്യത്ഭുതം
ധീമൽ ഗ്രാമണി വാമദേവവടുവിൻ
വാമത്തുടപ്പൊൻമണീ-
ധാമത്തിൽ കൂടി കൊള്ളുമംബ് ഭവതിയെ-
ക്ഷേമത്തിനായ് കൂപ്പുവൻ.

5

ഏതാപത്തു വരുമ്പൊഴും തവകഴൽ
പ്പൂതാണു കൂപ്പുന്നവം.
ക്കോതാനാക്കമശക്യമായ വിജയം
നീ താൻ കൊടുക്കുന്നുപോൽ
മാതാവേ, ഭവദീയ ഭക്തനടിയൻ
ജാതാദരം ചേവടി-
സ്സേതാവൽ പണിയുന്നു, തേ കനിയുവാ-
നേതാന്തരമുണ്ടോ പണി?

6

ശ്രീവാഗ്ദേവിപുലോമജാരതികളാ-
മാവാനവസ്ത്രീകളാൽ
നീ വാഴ്ത്തപ്പെടുമംബ, നിന്റെ ഗുണമെൻ
നാവാൽ പുകഴ്ത്താവതോ?
ദേവാധീശ്വരി, ഞാൻ ഭവൽക്കഴലിണ-
പ്പൂവാശ്രയിപ്പൂ നിന-
ക്കാവാസത്തിനിതാ മട്ടൽപ്പുളകിത-
പ്രാവാര ഹൃന്മല്ലകം.

7

ഹന്താത്യന്തവിഷാദിയാം കണവനെ-
ച്ചെന്താർശരൻ തൻ കണ—
ക്കെന്താണംബ, ശരവ്യമാക്കുമളവിൽ
പിൻതാങ്ങി നീ നിൽക്കുവാൻ?
സന്താപം ദ്വിഗുണീ ഭവിച്ചെരിയവേ
വെന്താനവൻ തന്നെ ഹാ!
നിൻതാലിച്ചരടിന്റെ ശക്തി ഗിരിജേ,
ചിന്താ കലാഗോചരം.

8

ഫാലോദഞ്ചിതലോചനൻ നിജകര—
ത്താലോമനിച്ചെത്രയും
താലോലിപ്പൊരു തയ്യലേ തവദയാ—
ലോലോദയാ ലോകനം
ഹേ ലോകേശ്വരി, ലഭിക്കിലേതുജ്ജളനും
ഭൂലോകലേഖേന്ദ്രനാ—
മാലോചിക്കിലിതൊക്കയും ഭവതിതൻ
ലീലോത്സവ ക്രീഡകൾ.

9

മന്ദാക്ഷസ്മിത വിഭ്രമഭ്രമിതഹൃ—
ന്മന്ദാകിനീ മൃഡയാം
നിൻ ദാസസ്ഥിതി പോരുമിന്നടിയനീ
നിന്ദാധി നീങ്ങീടുവാൻ.
നന്ദാന്തഃപുരനന്ദനായിത ചിദാ—
നന്ദാത്മികേ, ഭക്തിമ—
ന്മന്ദാരദ്രുമശാഖികേ, കനിയണേ
മന്ദാശ നാക്കൊല്ല മാം

10

മാരാരിയ്ക്കുടയോരിടത്തുടയിലും,
നാരായണോരസ്സിലും,
പാരാകെപ്പണിവോൻ മുഖത്തിലു, മുഷ—
സ്മേരാരവിന്ദത്തിലും,
ആരാധിപ്പവർ തൻ കരൾതളിരിലും
നീ രാഗധാരാമൃതം
ശ്രീ രാജേശ്വരി, ചേർക്കുവോരടിയിണ—
ത്താരാശ്രയിക്കുന്നു ഞാൻ.

11

ആരാ, ണെങ്ങിനെ ഞാൻ പിറന്നതിഹ, ഞാ—.
നാരായ്‌വതെ, ന്തെന്തിനാ—
ണീ രാഗാദിഹതോഗ്രകൎമ്മകവലൽ—
ക്കാരാഗൃഹാവാസവും?
ആരാലാസകലം വെടിഞ്ഞഹമിനി—
സ്സ്വാരാമനായ് സച്ചിദാ—
ധാരാനന്ദജഗൽ സവിത്രിയെ വിര—
ഞ്ഞാരാധനം ചെയ്കയായ്.

12

ശ്രീ ലാത്തും ഹിമവൽത്തടത്തിലുളവായ്'
കൈലാസമേറിപ്പുരം
ലീലാമോദിമരുൽക്കുമാര ചലിത—
ശ്രീലാസ്യ സന്മുഗ്ധയായ്
ലോലാപാംഗ നിരീക്ഷണഭ്രമരികാ—
മാലാഢ്യയായ് സ്ഥാണുവിൻ—
മേലാളും സ്മരജീവനാമൃതലതേ,
മാലാകെ മാററീടണം.

13

കാശാഹന്ത ലഭിക്കുവാൻ ബഹുതരം
ക്ലേശാഭിവേശം സഹി—
ച്ചാശാന്തങ്ങളിലും വിരഞ്ഞവശനാ—
യാശാസ്യമായുള്ളതും
ഈശാനാവയവാൎദ്ധമേ, കരളിലി—
ന്നേശാതെ നാം പോക്കുമെ—
ന്നാശാപാശവിനാശമേകണ മയി
ശ്രീ ശാരദേ, ഗൗരി നീ.

14

മാടനല്ലം മിഴിമാരിലുരംക്കൊതി കല-
ന്നീ നേരമാദ്ധ്യാത്മിക-
ധ്യാനേഛാപരതന്ത്രനായ് പരിഭവ-
സ്ഥാനേ പതിച്ചീടിലും
ഞാനേതും തിരിയാത്ത മൂഢ, നവിട-
ന്നീ നേരറിഞ്ഞാശ്രിതാ-
ധിനേ, ദീനജനാവനവ്രത പരാ-
ധീനേ, നിരീക്ഷിക്ക മാം.

15

ദാരാഗാര സുതാഭിമാനമയസം-
സാരാണ്ണവം ജീവിത-
പ്പോരാട്ടച്ചുടുപോക്കുളം നിരയക-
ടപാരാഭമെന്നേതുമേ
കാരാതിങ്ങിംങ്ങിനെ നാറം നയിക്കമടിയൻ
നാരായണനീ, തപൽക്കഴൽ-
ത്താരാലംബനമായ് കരറ്റംത്തളിരിലോ-
ത്താരാധനം ചെയ്യുയായ്.

16

മയ്യേലും മിഴിമാരിലും മഹിയിലും
കൈയ്യേറിയിന്നോളവും
ചെയ്യേണ്ടുന്നതറിഞ്ഞിടാതെ ഗതികെ-
ട്ടയ്യേ, വലഞ്ഞേനിവൻ
വയ്യേ ദുഃഖമിതോക്കുവാൻ പനിമല-
ത്തയ്യേ, കനിഞ്ഞീയഴൽ-
ത്തീയ്യേതൽക്ഷണമാററണേ, വരതനോ
നീയ്യേ നമുക്കാശ്രയം.

17

ആ വിത്തേശസഖൻെറ പൂർവ്വസുകൃത—
　　പ്പൂവിൽത്തുളുമ്പിഗ്ഗുണം
താവിത്തേകിന തുമരന്ദരസ്ധരികേ
　　ദേവി, ത്രികാലാത്മികേ!
ഭൂവിൽ തേ ദയനീയനാണടിയ,നെൻ
　　നാവിൽ ത്രിലോകീതനു—
ശ്രീവിത്തേ, തവലാസ്യകേളി നിയതം
　　നീ വിസ്മരിച്ചീടണം.

18

തീർത്താലും തികയാത്തൊരിജ്ജനനവും
　　കാത്താന്തലോകാപ്തിയും
പാർത്താൽ പാവകളിക്കയൊണുലകകൊ—
　　ണ്ടാത്താർമിഴീത്തയ്യൽ നീ
ചീർത്താളും മതിമാലൊഴിച്ചടിയനെ—
　　ക്കാത്താലുമെന്നോതി നിൻ
കാൽത്താർ കുമ്പിടുമിസ്സുപ ഭക്തനെ നിന—
　　ച്ചോർത്താലൊഴിക്കാവതോ?

19

ഈ വമ്പിച്ച ഭവാബ്ധി തന്നി,ലുടലാം
　　കേവഞ്ചിയിൽക്കേറി ഞാ-
നേവം ജീവിതയാത്ര ചെയ്തു വിഷയൌ-
　　ഘാവർത്തഗർത്തങ്ങളിൽ
യാവൽ കാമമദോർമ്മിയേററു വിവല-
　　ന്നാവും പതപ്പീല നീ
താവൽക്കൺമുനയാം മുനമ്പിലുടനി—
　　പ്പാവത്തിനെപ്പോററണം.

20

ആലാലം കബളീകരിച്ച ഹരനും
കാലാതിപാതം പെടാ—
താലാവണ്യ സമിദ്ധനായവിരതം
കൈലാസശൈലോപരി
ലീലാപൂർവ്വമിരിക്കുവാൻ തവദയാ—
ഡോലായമാനോല്ലസ
ന്നീലാപാംഗ സുധാഭിഷേകമവിടേ—
യ്ക്കൂലായ്കിലാളാകുമോ?

21

തീരാത്തുള്ളഴലാകുമിപ്പിറവിയിൽ
ഘോരാരാഭമാം സംസൃതി—
പ്പേരാളുന്നവടത്തിൽ നിന്നു കയറി—
പ്പോരാൻ കരാലംബമായ്
ഹേ രാജീവദളേക്ഷണേ, തവദയാ—
സാരാർദ്രമാമത്രയീ—
ന്ദാരാപാംഗവടം വിട്ടുത്തിട്ടുകിൽ ഞാ—
നാരാലുമാരാധ്യനാം.

22

പ്രാലേയാദ്രിസുതേ, തവസ്തനതടം
മാലേയപങ്കാക്തമെ—
ന്താലേപങ്ങൾ പൊടിഞ്ഞു ഭസ്മകരജ—
സ്സാലേ പരീതാഭമായ്
ചാലേ കാണ്മതു? മന്ത്രവാദമിരവിൽ—
ബ്ബാലേ നടന്നോ? വിയ—
ത്തീലേ തുള്ളലി,ലെന്നു തോഴീകളുഷഃ—
കാലേ തൊഴും മെയ് തൊഴാം.

23

ശ്വേതാഗ്രോപരി ശീതളാചലസുതേ
ശീതാംശുപാദങ്ങളാൽ
ശ്രീ താവും മണിവേദിയിൽ ശിവതനൂ—
ഭൂതാഭ്രമുഗ്ദ്ധാംഗിയായ്
നീ താൻ നിത്യവുമംബ, നാകതരുണീ—
ഗീതാത്മ മാഹാത്മ്യയായ്
ധൗതാസ്മൽക്കലുഷൌഘയായി വിജയി—
പ്പൂതാക പൂതാത്മികേ!

24

ഉണ്ടാവട്ടെ, നശിച്ചിടട്ടെ, യവയിൽ
കൊണ്ടാടലും, കുന്നിതം
കൊണ്ടാടൽപ്പെടലും വൃഥാവി, ലഥവാ
രണ്ടാകിലും തുല്യമായ്
തണ്ടാർബാണഹരപ്രിയേ, കരുതി ഞാൻ
മിണ്ടാതിരുന്നീ ജനി—
ക്കുണ്ടാളാതെ ഭവൽ സ്വരൂപമകമേ
കണ്ടാശ്രു കൈക്കൂപ്പുവൻ.

25

ആതങ്കങ്ങളടിയ്ക്കടിയ്ക്കണകയാൽ
ഭീ തങ്കുമെന്നിൽ ദയാ—
ശീതം കൺമുന തെല്ലയച്ചിടുകിലോ
മാതംഗി മാഴ്കാതെ ഞാൻ
ശ്രീതങ്കത്തിരുമാമലയ്ക്കുമുകളിൽ
സ്ഫീതസ്മരസ്വർവധൂ—
ഗീതം ശ്രുത്യമൃതം നുകർന്നു ലളിതാ—
ദ്വൈതത്തിലാമഗ്നനാം.

26

കുന്നിൻ പുണ്യവിലാസമഞ്ജുളലതേ
നിൻ നിർമ്മല ശ്രീപദ—
പ്പൊന്നിൻ പൂമലരിന്നു നേർക്കു നതരായ്
നിന്നിന്ദ്രനും ചന്ദ്രനും
കുന്നിച്ചുള്ളൊരു ഭക്തിയൊത്തു മകുടം
മന്നിൽപ്പതിപ്പിച്ചുകൊ—
ണ്ടുന്നിദ്രം വിജയിപ്പൂ, ധന്യനെവനാം
ത്വന്നിഷ്ഠനല്ലാത്തവൻ?

27

സാലസ്യോന്മിഷദാവിലാക്ഷിപുടയായ്
സാലക്തരോമാഞ്ചക—
ത്താലക്താംശുകയായ് വിമുക്തകബരീ—
ജാലത്രുഡന്മാല്യയായ്
ലോലക്ഷൗമകചോത്തരീയ വിഗലൽ
പ്രാലംബയായ് നീയുഷഃ—
കാലത്തംബ ജയിപ്പൂ മാരവിജയ—
ശ്രീലക്ഷ്മിയായ് നിത്യവും.

28

മല്ലീബാണശരാസകോമള ഭവ—
ച്ചില്ലീമതല്ലീലസ—
ല്ലല്ലീവെല്ലനമേററ തോററ ശതകം
ചൊല്ലീലയോ നിൻ പ്രിയൻ?
ചില്ലീനാത്മകനായിരുന്ന ഭഗവാ—
നല്ലീ ഭവദ്വല്ലഭൻ?
തല്ലീലാത്ഭുത സൽ പ്രശസ്തി തടയു—
ന്നില്ലീശ്വരന്മാരിലും.

29

ഫുല്ലാംഭോജമുഖം, വിലോലമിഴിമീ,—
    ന്നല്ലാഘലചക്രസ്തനം,
തെല്ലാരാൽ കചശൈവലം, പൃഥുകടീ—
    സല്ലാള്യമാം സൈകതം
നല്ലാർ പോലെ ലസിപ്പു നിൻമുടിയിലെ—
    ന്നെല്ലാം ശിവേ നീ ചിരി—
ച്ചുല്ലാസാൽ പ്രിയനോടു ചെയ്യൊരു രഹ—
    സ്സല്ലാപ മുല്ലാസദം

30

പട്ടാൽ ചെന്തളിരിട്ടു, പോർമുലകളാൽ,
    മൊട്ടാർന്നു, കാശ്മീരക—
പ്പൊട്ടാൽ പൂമ്പൊടി പൂണ്ടു, [illegible]വഴി—
    ഞ്ഞിട്ടാമലർച്ചേലൊടും
തൊട്ടാലുഗ്രവിഷം കെടും കുളിർമണി—
    ക്കെട്ടോർന്നു കൺകെട്ടിടും
മട്ടായ് മാമല പെററ ഹേമലതികേ
    മുട്ടാതെ കൂപ്പുന്നു ഞാൻ.

31

സങ്കല്പസ്തിമിതാക്ഷിയായ് ശിവമുഖ—
    ത്തിങ്കൽ സ്വയം പുഞ്ചിരി—
ത്തിങ്കൾപ്പൂങ്കതിരും പൊഴിച്ചണികരേ
    തങ്കപ്പൂത്താരുമായ്
കൊങ്കപ്പൂങ്കുലയും കുലുക്കി മലത—
    ന്നങ്കത്തിൽ നിന്നുതഥയാം
മങ്കപ്പൊൻമണി നിന്നുടൽത്തളിരുമേ
    കൺകൾക്കു കർപ്പൂരമാം.

32

നീ ലാളിപ്പൊരു തത്ത നിൻ പ്രിയനിഗൂ—
ഢാലാപമാളീ ജന–
ത്താലാത്തസ്മിതമുററു കേൾക്കെ വെളിവിൽ
ചേലായ് ചിലച്ചും വിധൌ
വ്രീലാധോമുഖിയായ് സകോപകരുണം
ലീലാംബുജത്താലതി—
ന്നേലാതേകിയ വത്സലപ്രഹരണം
ശൈലാത്മജേ, ചേർച്ചയായ്.

33

സത്തും ചിത്തുമതീവ മുത്തുമിടചേ—
ന്നൊത്തുജ്ജ്വലിച്ചേതുകാ—
ലത്തും മാമറയാം മരത്തിനിടയിൽ
കത്തും തടിത്താരമേ!
ഉത്തുംഗഭ്രമമാർന്നഴൽ ജലധിയിൽ
പത്തും പിറന്നും വൃഥാ
തത്തും താമസനാമിവൻെറ മിഴിനേ—
ക്കെത്തുന്നതെന്നാണു നീ?

34

ശോണാംഭോജ നിവിഷ്ടയായ്വി മടിയിൽ
ചേണാളുമോ മന്മണീ—
വീണാവല്ലിയുമുദ്വഹിച്ചൊരു മദ—
ക്ഷീണാലസാകല്പയായ്
കാണാനാക്കുമശക്യമാം ത്രിഭുവന–
ത്തൂണായെഴും ചിന്മയ–
പ്രാണാധീശ്വരി, നിൻ കഴൽക്കനുദിനം
വീണാനമിക്കുന്നു ഞാൻ.

35

ക്ഷീരാംഭോനിധി തൻ നടുക്കണികദം-
ബാരാമ ഭൂവിൽ സുധാ-
സാരാലംകൃത മണ്ഡപത്തറയിൽ മ-.
ന്ദാരാമല ഛായയിൽ
വാരാളും മലർമെത്തയിൽ സകലദേ-
വാരാധ്യയായ് ലോചനോ-
ദാരാസേചന കാരയാന്നരുളുമ-
ന്നാരായണിക്കായ് തൊഴാം.

36

ശ്രുത്യന്തസ്ഥിതമായ് സമാഹിത മനഃ-
പ്രത്യക്ഷമായ്, സൂക്ഷ്മമായ്,
പ്രത്യഗ്രാരുണ ഭാസമാനരുചിയാ,-
ന്നത്യന്ത ദൂരസ്ഥമായ്,
കൃത്യപ്രത്യയ സാക്ഷിയായ്, കൃതികളാൽ
സ്തുത്യർഹമായുള്ള നിൻ
സത്യബ്രഹ്മമഹാമഹ സ്സനുവിനായ്-
നിത്യം നമിക്കുന്നു ഞാൻ.

37

നവ്യാദിത്യ സഹസ്രസംഘടിതമാ,-
യവ്യാജ ശോണോപല-
ഛവ്യാപാദകമായ്, പ്രതപ്തകനക-
ദ്രവ്യാഹിത ശ്രീകമായ്
ഹവ്യാശാമല ഹേതിയാം ഹരവപു-
സ്സവ്യാർദ്ധ ശീർഷോല്ലസ-
ദ്ദിവ്യാനർഘകിരീടമേകണമെനി-
ക്കവ്യാഹതം മംഗളം.

38

ലോലംബാസിത മംബവാസിത ഹരി—
ന്മാലം തമാലാവലീ—
ലോലം ഭാസിതമംബുലംബജലമു-
ക്ഥലം കഷ ശ്രീഭരം
ശ്രീലം നിൻ ചികുരോല്ക്കരം ഹരിമണി—
നീലം നിനച്ചനപാഹം
ശ്രീ ലംബോദരജന്മ ദാത്രി സുഖമായ്
കാലം കഴിക്കാവു ഞാൻ.

39

ഓമന്മൃദുലലലാടമാം ഘനതത·
വ്യോമം കടന്നന്തിയിൽ
കാമം കൈശികനൈശ നീലിമയില്വ—
ദ്ദാമം ലയിച്ചീട്ടവാൻ
പോമക്കന്റെ കതിക്കലപ്രസരമായ്
സീമന്ത സിന്ദൂരിത-.
ശ്രീമഞ്ജുളദ്യുതി പുഞ്ജമെൻ ജനനി, നി—
സ്സീമം ജയിക്കുന്നു തേ.

40

ഗൌരീമഞ്ജുള ചൂൎണ്ണകുന്തളകുലം
വൈരീഭവഛൈവലം
ശൈരീഷപ്രസവാഞ്ചിതം സ്വരുചിയാൽ
സൈരീകൃതാളിവ്രജം.
പാരീരേഴ മെട്ടത്തഴിച്ചു പണിയാൻ
പാരീണമായല്ലസി—
ല്പോരീ വസ്തുവിനോ മദീയ ദുരിതം
ദൂരീകരിപ്പാൻ പണി?

41

ആകണ്ഠാന്ത വിശാലമായ്, വിശദമായ്,
ശ്രീകണ്ഠമൂഡാശശി—
ശ്രീകമ്മാഷിതമായ്, സ്വതേ സ്വകനകാ—
ലോകം കലന്നുള്ളതായ്,
ഹേ കല്യാണിനി, ദേവി, നിൻ തിലകിത—
ശ്രീകമ്രകസ്തൂരികാ—
സേകം പൂണ്ട ലലാടഭ്രവിന്നു നമോ—
വാകം, നമോവാകമേ!

42

കാലദ്വേഷി തുടങ്ങിയുള്ള വിവിഷ—
ജ്ജാലത്തെ നാനാതരം
വേലയ്ക്കായ് നിയമിച്ചിട്ടും ത്രിജഗതീ—
ജാലക്കളിത്തുവലായ്,
വ്യാലഗ്നാഞ്ചിത മദ്ധ്യമായ്, ഭവതി തൻ
ഖേലത്തരംഗാഭമാം
ലോലഭ്രൂലതികാ വിലാസമടിയ—
ന്നാലസ്യമാററീടണം.

43

മുക്കണ്ണന്റെ മുഖേന്ദു നേക്കണയവേ
ചിക്കെന്നടഞ്ഞും, ശുഭേ—
ദക്കം മിത്രസമാഗമത്തിൽ വികസി—
ച്ചുറക്കമ്പെമാന്നും ചിരം
അക്കന്ദർപ്പന്റെ ബാണമായുതകിയും
തക്കത്തിലാളുന്ന നിൻ
തൃക്കൺ താമരസത്തിലഞ്ജനമിഷാൽ
പുക്കുള്ളി കാർവണ്ടുകൾ!

44

ഭക്തന്മാരിലനുഗ്രഹോന്മുഖ, മനാ—
സക്തം പരന്മാരി,ല്വ—
നൃക്തം സത്രപമീശനിൽ, പ്രഹരണോ—
ദ്യക്തം വിയൽഗംഗയിൽ
യുക്തംപോലെ രസാന്തരാഭിനയനേ
ശക്തം, ത്രിവർണ്ണാഞ്ചിത—
വ്യക്തം സാഞ്ജനഭക്തി നിൻ മിഴികൾ താൻ
നക്തം ദിവോല്ലാസികൾ.

45

ലങ്കേശോദ്ധൃത പർവ്വതോപരിമിളൽ—
പ്പങ്കേരുഹപ്രായമാം
സങ്കേതക്കളെരിയ്ക്കുകത്തു പഴകി—
പ്പൊൻകേഴ കേഴും വിധം
കങ്കേളീശരവൈരി തന്നുടൽ പക—
ത്തങ്കേ വസിപ്പോരു നിൻ
കൺകേളീലളിതങ്ങൾ മഞ്ജുമലതൻ
മങ്കേ ജയിപ്പൂ ചിരാൽ.

46

പീനാർച്ചിസ്സെഴമീശ നേത്രശിഖിതൻ
തീനായ്, തദ്ദ്വേഷ്ടാവിനാൽ
ദൂനാംഗൻ ഭവനെബ്ഭയന്നു ഭവദ—
മ്ലാനാനനത്തിങ്കളിൽ
സൂനാസ്ത്രൻ നിലയിക്കെ നിന്മിഴികളായ്
ദീനാനുകമ്പാമൃത—
സ്ഥാനാഭംഗുരവാഴ്ച തൻ കൊടിയിലെ
മീനാർന്നിതങ്ങിങ്ങുമായ്.

47

നാളീകായുധതന്ത്രശില്പരചനാ—
കേളീവിലാസോല്ലസമായ്
സാളീകാസ്ത്രമിടയ്ക്കിടെ ശ്ശിവജ്ജടാ—
പാളീനിലീനാർദ്രമായ്
ആളീത്രൂഷിതമാദനാജ്ജ്വനലസ—
ധൂളീകഷായാക്തമായ്
കാളീകണ്ഠവിലോചനം കനിവിയ—
ന്നാളീടണം ഞങ്ങളിൽ

48

കോകപ്രീതിവരുത്തുമക്ഷികളിൽവ—
ച്ചേകം മുദാ, പിന്നെയൊ—
ന്നാകണ്ഠം പരമാന്ന മൂട്ടമകൃതോ—
ത്സേകം ചകോരങ്ങളെ
ലോകത്തിൻ മിഴിയൊന്നു, മററുള്ളസുധാ—
ലോകം മിഴിയ്ക്കുകിട്ടും
ശ്രീകണ്ഠപ്രിയ പാതി, നിൻ നയനമേ
കൈ കണ്ട ലോകാത്ഭുതം

49

നേരിട്ടീശനെടുത്തൊരേണ ശിശുവിൻ
പാരിച്ച വീക്ഷാകലാ—
ധൂരിൻ സൽഗ്ഗുരുവായ് സ്വകേളികനക—
ത്താരിൻ കളിത്തോഴിയായ്
മാരിക്കാർ മഷിപോന്ന മഞ്ജുരുചിയായ്
ഗൌരിയ്ക്കെഴും ലോചനം
ഭൂരിപ്രേമകലാ വിലാസനടിയായ്
പാരിൽ ജയിക്കുന്നു പോൽ.

50

താരുണ്യാമൃതമാദഘൂർണ്ണനവശാ—
ലാരുണ്യമുൾക്കൊണ്ടുമ—
ക്കാരുണ്യാമൃത നിർഝരീ രസകണം
ചോരും വിധം മിന്നിയും
നേരുന്നോക്കു നിരർഘമുത്തരുളിയും
വാരുറവുമുള്ളൊരു നിൻ
ചാരു ശ്രീ നയനാഞ്ചലം പതിയുകിൽ
തീരും ഭവക്ലേശവും.

51

ദൂരാൽ ദർശിത കൃഷ്ണതാരരുചിയാ—
യാരാൽ കൃപാസക്തമായ്
വാരാളും പടി ഭീമസങ്കലിതമായ്
സ്ഫാരാജ്ഞനാഭോഗിയായ്
സ്വൈരാസാദിത കണ്ണ സന്നിധി ജഗ—
ന്നീരാജകം നിൻമിഴി—
ത്താരാഹന്ത പുരാണഭാരതമഹാ—
ഘോരാജിയോ ചണ്ഡികേ!

52

സ്ഫായന്മഞ്ജരിപോലെ ഭൃംഗരുചിയായ്,
സായന്തനാഹസ്കര—
ച്ഛായംപോലെ സുരക്തമായ്, ശ്ശുചിശര—
ത്തോയംകണക്കച്ഛമായ്,
ശ്രേയസ്സെന്നവിധം ശ്രുതിപ്രണയവ—
ത്തായമ്പിലുന്മീലിത—
പ്രായം നിൻമിഴി നീളെ നീളെ വിഗതാ
പായം വിളങ്ങുന്നുമേ!

53

കാലം പോലെ വിശാലവും ചപലവുമായ്
ശൈലം കണക്കഞ്ജന—
ശ്രീലക്ഷ്മാസിതവും ഘസാഞ്ചിതവുമാ—
യാലഗ്നപക്ഷ്മാളിയായ്,
ബാലക്രീഡകൾ പോൽ സലീലമൃദുവും
ഖേലൽ സുധാവത്തുമായ്,
ചേലഞ്ചും തവലോചനം കുവലയോ—
പാലംഭശീലങ്ങൾ താൻ

54

സ്വാരാജപ്രണതേ വിപൽ പ്രചുരസം—
സാരാജിരംഗത്തിൽ ഞാൻ
ഘോരാജസ്രപരാക്രമം പൊരുതു ത—
ദ്വാരാ ജയിച്ചീടുവാൻ
ആ രാജീവലസൽക്കടാക്ഷകലയാൽ
നീരാജനം ചെയ്യണേ
നീ രാജന്നതശീർഷനാമടിയനെ
ശ്രീ രാജ രാജേശ്വരി!

55

ഭ്രൂവല്ലീമണി വിൽ കുലച്ചു നയന—
ത്തൂവണ്ടു ഞാൺ കെട്ടിയ—
പ്പൂവമ്പൻ പക വാച്ചിരട്ടയൊളിയ—
മ്പാവമ്പനാം ശംഭുവിൽ
വൈവശ്യപ്രദമേററിടുന്ന കുഴ, ലെൾ
പ്പൂവൽ പ്രശോഭം ഭവൽ
സൌവർണ്ണോച്ചകനാസ നിത്യവു മഘലാ—
ഭാവം വരുത്തട്ടെ മേ.

56

എന്നാളും പൊലിയാത്തതായ് ത്രിജഗതി
ക്കൊന്നാംതരം ദീപമായ്
മന്നാകെ പ്രഭവീശി നിഷ്ഠുരതമ—
സ്സൊന്നാകെ നീക്കുന്നതായ്
ചിന്നാഥന്റെ ഹൃദംബുജം വികസിതോ—
ല്ലന്നാഭമാക്കുന്നതാം
നിൻ നാസാമണിയാം നവദ്യമണികൾ
ണ്ടെന്നാശപാസിക്കാവു മേ.

57

ഏത്തഞ്ചിപ്പൊരു ചെമ്പരുത്തിമലരി—
ന്നോത്തംബ, വാഗ്ദേവതാ—
നൃത്തപ്പൊൻമണിരംഗമായ് സരസമായ്
സത്തുക്കൾ സംസേവ്യമായ്
പുത്തൻ കോകനദച്ഛദപ്രതിമമായ്
ചിത്തമ്പുരാട്ടിയ്ക്കേഴും
തത്തൽ സ്വാദനേ ചുഞ്ചുവാം രസന മേ
മുത്തനപാഹം ചേക്കണം.

58

ബാലേ, ഭാരതി, മംഗളം തവ, ദയാ—
ശീലേ, രമേ, വന്ദനം!
മാലേതാനുമിയന്നിതോ ശചി, സുഖി—
പ്പീലേ സുരസ്ത്രീകളെ
കാലേ കാൽപണിയുന്ന വിൺതരുണിമാർ
മേലേവമപ്പുഞ്ചിരി—
ച്ചേലേന്തിച്ചൊരിയുന്ന വാങ്മധുവിനായ്
ശൈലേന്ദ്രകന്യേ, തൊഴാം

59

സഞ്ചൽ സ്വച്ഛ സുധാർദ്രമായ് ശിവമന—
ശ്ചഞ്ചച്ചകോരാളിയിൽ
കിഞ്ചപ്രീണന ചുഞ്ചുവായ് ഭുവനമാം
പഞ്ചേഷു വെൺചാമ്പലായ്
അഞ്ചമ്പന്നരിവഞ്ചനത്തുണപെറ—
ന്നഞ്ചം നവം പുഞ്ചിരി—
ക്കൊഞ്ചൽച്ചന്ദ്രിക താൻ ചിരം മമ മനോ—
മഞ്ചം പ്രപഞ്ചിക്കണം.

60

സ്വന്തം വല്ലഭനാർന്നിടും ഗുണഗണോ—
ദന്തം ജപിക്കെ ഗ്ഗതാ—.
രന്തം സഞ്ചലിതോഷ്ഠമാം തളിരുകൾ—
ക്കന്തർദ്ധരീദൃശ്യമായ്
പന്തം ചേർന്നൊരു മുല്ലമൊട്ടിനെതിരായ്
വെൺതണ്ഡുലം വെന്ന നിൻ
ദന്തവ്രാത മഹാർഹ മൌക്തിക തതി—
ക്കെന്തമ്പുരാട്ടീ തൊഴാം.

61

പിൽ പൂർണ്ണാത്മകനാം ശിവൻെറ മനമാം
മപ്പൂത താരാപഥം
തൽപൂർവ്വം പുരുരാഗമാർന്നിടുകയാൽ
സൽപൂജനീയാഭമായ്
കർപ്പൂരാഞ്ചിത വീടികാ സുരഭിയായ്
ത്വൽ പൂർണ്ണചന്ദ്രാനന—
പ്പൊൽ "പൂൺപാമധരാരുണ" പ്രസരമെ—
ന്നുൾപ്പൂ കുളിർപ്പിക്കണം.

62

വേദത്തിൻ പൊരുളമ്മ താൻ ശ്രുതിലയാ-
സ്വാദത്തോട്ടം പാടിയാ
നാദബ്രഹ്മലയം ലഭിക്കെ മൃദല—
സ്വേദത്തി നാലാർദ്രമായ്
ആദർശപ്രസര പ്രസന്ന രുചിയാ—
യാദത്ത ഗോരോചനാ-.
മോദശ്രീഭരമാംകപോലഫലകം
മോദം പരം ചേക്കമേ.

63

ലീലാതോഴികളാം സരസ്വതിയുമ-
പ്പാലാഴിമാതും മുക-
ന്നാലാപിപ്പൊരു നമ്മകേളി വചനം
ചേലായ് ശ്രവിച്ചെപ്പൊഴും
നീലാശോകചരിചര ഉല്ലസിതമായ്
കാലാരി തൻ കൈകളാ-
ലാലാള്ളിച്ചെഴമമ്മ തൻ ശ്രുതിപുടം
ശ്രീലാഭമേകട്ടെ മേ.

64

നിന്നാസ്യക്കളിർ തിങ്കൾ നിർഭരമുദി—
ച്ചെന്നാളുമാളുന്നതു-
ല്ലന്നാശം വിരയും വിശാഖകളറി—
ഞ്ഞന്നാഥ പാർശ്വങ്ങളിൽ
വന്നാഹന്ത രമിച്ചിട്ടും വിധമുമേ
നന്നായ് വിളങ്ങും മണീ.
ഭിന്നാഷ്ടാപദ കുണ്ഡലങ്ങൾ കണിക—
ണ്ടെന്നാൽ കൃതം കണ്ണിനാൽ.

65

വൈകാതെന്തിയിലമ്മയൊത്തരയകം
പൂകാൻ ഗളാലിംഗനം
സാകാംക്ഷംവിരചിച്ച വാസുകിയണി—
കൈക കാന്തനപ്പിക്കവേ
ഭീകാമോൽഗത ഭിന്ന കണ്ടകിതമായ്
ലോകാധികശ്രീ പെറും
ശ്രീകാളീഗള നാളമെന്നകമലർ—
ക്കേകൊന്ത മുത്തേകണം.

66

ലാവണ്യദ്രവിണ പ്രകൃഷ്ടനിധിയാ—
മീവല്ലി മുക്കണ്ണനാം
ദേവകഷ്ണാരുഹമാന്ന മേൽ വിരിയുമെ—
ന്നേവം വിധാതാവിനാൽ
ഭാവം പാത്തുരചിച്ച നിൻ ഗളതല—
ശ്രീ വർത്തരേഖാത്രയം
ധീവന്യം മാമ കാമസിദ്ധിയുമുടൻ
കൈവല്യവും നൽകണം.

67

മാതാവിൻെറ വിവാഹവേളയിൽ മുദാ
താതാത്മജാസ്നേഹനി—
ഷ്ക്രീതാനഘമണീ ഗണാഭരണമായ്
ശീതാചലത്താൽ സ്വയം
ധൗതാദ്രൌഷധിമന്ത്ര സങ്കലിതമായ്
പൂതാഭമായ് പുഞ്ജിത—
ദ്യോതാസംഗമണിഞ്ഞ മംഗളഗള—
ശ്രീതാലി വെൽവൂ ചിരം.

68

ലോകത്ത്രാണ നിബന്ധകങ്കണകമായ്
മാകന്ദബാണൻെറ യാ
ശ്രീകണ്ഠപ്രതികാര ദുഷ്പരിഹരശ്രീ—
കണ്ഠപാശങ്ങളായ്
ആകല്പദ്യുതിയായ് വിലാസവതിയാ—
യാകല്പമുഗ്ദ്ധങ്ങളാം
വാകപ്പൂമൃദു ബാഹുവല്ലികളയേ
ശോകം ശമിപ്പിക്കമേ.

69

ശ്രീതിങ്കൾകളിൻ കാന്തമായ് ശ്രിതജന—
പ്രീതിക്കു ദീക്ഷിപ്പതായ്
ഹ്രീതിശ്രദ്യുതിയാന്നിട്ടംപടി മണീ—
ഹേതി പ്രകൃഷ്ടങ്ങളായ്
പാതിവ്രത്യ പവിത്രിതച്ഛവി പുരാ—
രാതിപ്രിയാ ബാഹുവിൽ
ദ്യോതിക്കും വലയാംഗദാദികൾ ചിരം
ഭൂതിക്കു ഭൂവാകമേ.

70

ഹൈമാകല്പമണിഞ്ഞതായ്, തെരുതെരെ
ദ്വൈമാതുരൻ തൻ പൊരാ—
ട്ടെപ്പമാറാൻ നുകരുന്നതായ്, ശിരിശനും
കൈമാറി മറ്റിപ്പതായ്
ത്തുമാലേയ രസാർദ്രമായ്, തവമണി—
പ്പൂമാറിലാമ്മാറെഴും
ക്ഷൌമാലം കൃതകല്മമാം കുചയുഗം
ക്ഷേമാപ്തി മേ ചേക്കണം.

71

കുന്നാകുന്ന പിതാവിനും കുറവുകേ—
ത്തുന്നാമിയായ് ശൂലിതൻ
ഹൃന്നാളീക നിലീന കോകയുഗമായ്
നിന്നാലസിക്കുന്നതായ്
നന്നായ് പൊന്നു പതക്കമൊ,ന്നുപരിസ—
മ്പന്നാഭമായ് മിന്നുമ—
ന്നിന്നാപീനഘന സ്തനദ്വയിമൃദു—
ന്നൊന്നാവിലെന്നാളുമോ?

72

സന്മാണിക്യ മഹാർഹമഞ്ജുള മണീ—
കന്മാഷിതച്ഛായമായ്
വെൺമാലേയകപങ്ക പാടലിതമായ്
സന്മാനനീയാഭമായ്
വിൺമാനേൽമിഴിമാർ പണിഞ്ഞു സരസം
സമ്മാനമർപ്പിച്ചതാം
നിന്മാറിൽ തരളാഭിരാമമതുളം
പൊന്മാല മാലാററുന്നം.

73

ദുർവ്വാരപ്രസരേതരേതരമിളൽ
ഗർവ്വാഢ്യപീനസ്തന-
സുർവ്വാപീരുഹ കോരകോദ്വഹമായ്
സർവ്വാതിഗസ്ഥൈര്യമായ്
ശർവ്വാദക്ഷിണ ഭാഗമാസ്ഥയൊടലം
കർവ്വാണമായ് ഗൂഢമാം
ശർവ്വാണീതൻ മദ്ധ്യയഷ്ടി നിതരാം
നിർവ്വാണമേകീടണം.

74

താവന്മൌക്തിക ഹാരകാന്തിതതമാ—
യാവൽഗ്ഗുരോമാവലീ—
ശ്രീവത്സാങ്ക വിഹാരതല്പതലമായ്
ശ്രീവത്സുളാധാരമായ്
സൌവ്വർണ്ണോദര ബന്ധബന്ധുരിതമാം
ഭാവൽക ഭദ്രോദര—
പ്പൂവൽപ്പൊന്നരയാലിലയ്ക്കായി മഹാ—
ദേവപ്രിയേ വന്ദനം!

75

മന്നും വിണ്ണുമധസ്ഥമാകു മുലകും
തന്നുള്ളിൽ നിന്നുത്ഥമാ—
ണെന്നും സത്വരജസ്തമസ്സുകൾ വഹി—
ക്കുന്നുണ്ടു താനെന്നുമേ
ച്ചിന്നും ലക്ഷണരേഖയിട്ടതിലണി—
പ്പൊന്നും ഘടിപ്പിച്ച പോൽ
മിന്നും നിന്നുദരാഞ്ചിത ത്രിവലികൾ—
ക്കെന്നും തൊഴുന്നേനിവൻ.

76

ആരോമൽത്തനു വല്ലരീവികചവ്വ—
ത്തോരോരുഹക്കൊത്തിലേ—
ക്കോരോന്നായി മുറയ്ക്കണഞ്ഞു വരിവ—
ണ്ടാരോഹണം ചെയ്കയോ
വാരോലും തവ നാഭികന്ദരിയിൽ നി,—
ന്നാരോചിരുല്ലോചിത—
ശ്രീരോമാവലി കാൺകിലിങ്ങിനെ മുറ
യ്ക്കാരോക്കയില്ലംബികേ?

77

മേനാ നന്ദിനി തന്റെ മദ്ധ്യതലമാം
വാന്നാർന്നതാവാരൊളി—
ഷ്പൂനാഭീമണിവാപിനൽ ത്രിവലിസോ-
പാനാഭിരാമാഭമായ്
മാനാപേതരസം ലസിപ്പു നിതരാം
ഭീനാമൃതാപ്ലാവനം
നീ നാളം ഭതാരുമണഞ്ഞുകൊൾക വിഹരി-
ക്കാനായ് മനോഹരംസമേ!

78

ശീലംതെറ്റകിലാവിലാസകലഹോ—
പാലബ്ധനാം ശൂലിതൻ
കോലത്തിൽ പ്രണയാർദ്രബന്ധനവ്യൂഢാ—
സ്ഥൂല സ്ഫുരൽ പാശമായ്
നീലക്കല്ലിണി മദ്ധ്യമായ് നിരുപമ—
ശ്രീലഗ്നമാം നിൻ കടീ—
ലോലൽക്കാഞ്ചന കാഞ്ചിതാൻ ചിരമെനി—
ക്കാലംബമാമംബികേ!

79

തർത്തനപാംഗി തുടങ്ങിയുള്ള സഖിമാർ
കാർത്തസ്വരം കൊണ്ടു നൂൽ
തീർത്തമ്പിൽ കസവിട്ടു നൽ പരിമളം
ചേർത്തുള്ളതാഭോഗമായ്
പാർത്തട്ടിൻ ജനയിത്രി തൻ ജഘനമാം
തേർത്തട്ടിലാസ്തീർണ്ണമായ്
നേർത്ത്യന്ത മനോജ്ഞമാമുടുതുകിൽ—
ച്ചാർത്തംബ, വാഴ്ത്താവതോ?

80

ശ്രീഗംഗാധരനാലവാച്യകതുകാ—.
വേഗത്തൊടും സ്വാങ്കഭൂ—
ഭാഗത്തിൻ സ്വയമുദ്വഹിച്ചതനുസം—
യോഗക്രമാൽ സൽകൃതം
രാഗ ബ്രഹ്മനിധാനമണ്ഡപതലം
സൗഗന്ധികത്താർശര—
പ്രാഗത്ഭ്യാഞ്ചിതമഞ്ചമംബ ജഘനാ—
ഭോഗം ജയിക്കുന്നു തേ.

81

താരാർ സായക സാർവ്വഭൗമനൃപതി—
ശ്രീരാജധാനീപുര—
ദ്വാരാബദ്ധവിലോകനീയ കനകാ—
കാരാഞ്ചിതസ്ഥൂണമായ്
ഹാ, രാഗത്തൊടുമാത്മകാന്തനണികൈ—
ത്താരാൽത്തലോടുന്ന നിൻ
നീരാളോപഹിതോരുകാണ്ഡയുഗളി—
ക്കാരാൽ നമിക്കുന്നു ഞാൻ.

82

കാമം കാമുകനേകിടുന്നനുനയ—
പ്രേമപ്രണാമങ്ങൾക്കുതൻ
വ്യാമാർദ്ദങ്ങളിയന്നിയന്നു കഠിന—
ശ്യാമ പ്രരോഹാങ്കമായ്
കാമൻ തൻ വിജയ പ്രശസ്തി വിളയും
ശ്രീമന്മണീകുംഭമാ—
മോമന്നിസ്തുല ജാനുയുഗ്മമഗജേ,
വൈമല്യകല്യങ്ങൾ താൻ.

83

ആലോലാഞ്ചിത ഛന്നകുന്തളഗള—
ന്നീലോല്ലലം വാനവ—
സ്ത്രീലോകം പ്രണമിപ്പതായ് സ്മരനിഷം—
ഗാലോക മാളുന്നതായ്
ചേലോലും പടി നീണ്ടു നിസ്തുലവൃമായ്
മൂലോക ഭാണ്ഡത്തിനും
മൂലോപാശ്രയമായ് ലസിപ്പൊരു കണ-
ങ്കാലോ വണങ്ങുന്നു ഞാൻ.

84

കാദംബോദയമംബ, കാൽമലരണി—
സോദ്രവാർദ്രാസവാ—
സ്വാദത്തിൽ കൊതിയാർന്നു ഹംസകമിഷാൽ
പാദത്തിലെത്തി സ്വയം
ശ്രീതം ശിഞ്ജിത കൈതവാൽ കളകളം
നാദം വളർത്തുൽഗതാ-
മോദം മിന്നുവതല്ലി നിൻ നവമണീ-
സൗദര്യമീ നൂപുരം?

85

ശമ്പാദീപ്തനഖാംശുവാൽ ശബളിതം
വെൺപാടലപ്പൂന്തുകിൽ-
ത്തുമ്പാൽ പുഷ്പിതമീശ ശീർഷതടിനീ—
സമ്പാത സമ്പാവിതം
നിൻ പാദാഗ്രപവിത്ര പല്ലവയുഗം
വെൺപാൽക്കടൽത്തയ്യലാൾ
തൻ പാണിത്തളിർ കൊണ്ടലക്തകമണി
ഞ്ഞതമ്പാ, ലസിപ്പൂ തുലോം.

86

കാന്തൻ കല്ലിനുമേൽ കയററി കഠിനാ—
സ്വാന്തൻ പുരാ വേളിനാൾ
ശാന്തം, പാപ, മതിൻ പ്രതിക്രിയരസാൽ
താൻ തന്നെ ചെയ്യും വിധം
സാന്തസ്താപമടിക്കു വീണ മദന-
ഭ്രാന്തൻെറ നെററിക്കു സം-
ക്രാന്തശ്രീജത്തു തച്ച തച്ചരണമേ
താന്തൻ ഭജിക്കുന്നു ഞാൻ.

87

തപ്പാതെപ്പൊഴു മപ്സരസ്സുകളണ-
ഞ്ഞതപ്പാൽക്കളിർക്കോൾമയിർ—
ക്കപ്പായത്തൊടു കല്പകപ്പൂമലർ—
ച്ചെപ്പാൽ മണം ചേപ്പ്തായ്
മപ്പാരിൻ മുരടാം രതീശരിപുവിൻ
മെയ്പ്പാതിയാമമ്മ തൻ
തൃപ്പാദസ്ഫുടഹേമ താമരസമെ—
ന്നിപ്പാവമീക്ഷിക്കുമോ!

88

ചേരും ഭക്തിയൊടൊത്തു ചേന്നടി തൊഴു—
ന്നോരുമ്പർ നല്ലാർകൾ തൻ
നീരുണ്ണും മുകിലൊത്ത കൂന്തലൊളിയാൽ
ഗാരുത്മതച്ഛായമായ്
വാരുററീടിന വാസിതാംഘ്രിയുഗളീ—
വീരുത്തു തന്മേലെഴും
ചാരുശ്രീ നഖശുദ്ധ്മളങ്ങൾ പതിവാ—.
ഴയാരുന്നു നന്മയ്ക്കു ഞാൻ.

89

ഉന്മത്തോല്ലുടകാസരാസുര ശിര—
സ്സമ്മർദ്ദനം ചെയ്തെഴും
തന്മസ്തച്ചുടുചോര കൊണ്ടലമണി_.
ഞ്ഞമ്മട്ടിൽ മിന്നുന്നതായ്
നന്മസ്സ്വാകരമായ് നതക്കു തുണയായ്
സന്മംഗളക്ഷത്രമാ—
മമ്മസ്സ്വള്ളൊരു ദേവവടിത്തളിരിണി—
പ്പൊന്മഞ്ജരിക്കായ് തൊഴാം.

90

പ്രാണാധീശ, വിഭോ, ജയിച്ചരുളണേ
നീണാറം കനിഞ്ഞെന്നു നിൻ
ശോണാർദ്രാംഗുലിയാൽ തലോടിന മണീ—
വീണാപ്രകാണ്ഡം മുദാ
സ്ഥാണാനന്ദനമാം വിധം ലയമൊടും
ചേണാൻ തുകും കള—
കാണോലാപന ഗാനമാധപി ചെവികൾ—
ക്കുണ്ടാകിൽ ഞാൻ ധന്യനായ്.

91

ആച്ഛാച്ഛപ്രഭ നിൻ മുലയ്ക്കു നിബിഡം
പൊൽച്ചന്ദനം ചാർത്തിയും,
തച്ഛാചൽ ച്ചിറകിൻ പ്രകാശനികരം
മെച്ചം പെടും ശ്രോണിയിൽ
പച്ചപ്പട്ടുവിരിച്ചു, മങ്കതളിമ—
ക്കച്ചപ്പുറം തന്നിൽ നീ
വച്ചമ്പോടു വളത്തുമാക്കിളി മണി.
ക്കൊച്ചല്ലൽ നീക്കട്ടെ മേ.

92

അയ്ന്താരമ്പനെറിഞ്ഞ വാരുടനണി—
പ്പൊൻതാല വൃന്തത്തിനും
പൊൻതാലത്തിനു മായവൻറെ കണയോ—
ന്നൊന്താഹരിച്ചെന്നതോ
നിൻ താദൃഗ്ഗുണമായ്ക്കരത്തിൽ വിലസും
ചെന്താമരത്താർ വിരി—
ഞ്ഞെൻതാപത്തിനൊരന്തമമ്പിലരുളി—
ച്ചിന്താപഥം ചേരണം.

93

നീപക്ഷ്മാരുഹ നിഷ്കുടായിത മണി—
ദീപസ്ഥയാം നിൻകര—
ശ്രീപത്മത്തിൽ വഹിക്കയാൽ ശ്രിതജന—
വ്യാപത്തരിലാതങ്കമായ്
പാപധ്വാന്ത നിരാസചണ്ഡരുചിയാം
ചാപപ്രകാണ്ഡം ഗ്ഗുണാ—
രോപത്താൽ വിജയിച്ചിടുന്നു നിഖില—
പ്രാപഞ്ചികാഭീകരം

94

തല്ലിക്കേറിയണഞ്ഞു മുഷ്ട്യോട്ടലകം
ത്തുള്ളിച്ചിടും ദാനവ—
പ്പുള്ളിക്കാരുടെ വംശമാത്തെരിപൊരി—
കൊള്ളിച്ചിടും കൊള്ളിയായ്
വെള്ളിത്തൂനഖകാന്തിയാൽ ജ്വലിതമായ്
പള്ളിക്കരപ്പൊൻമയി
വള്ളിപ്പൂന്തളിർ പൂണ്ടെഴും വിശിഖമെ—
ന്നുള്ളിൽ സദാ തോന്നണം

95

അന്നന്നെത്ര സുരാരിവൃന്ദമടരിൽ
സന്നദ്ധമായ് തോററു ഹാ
ത്തുന്നം പാടി മരിച്ചു യാതൊരുടവാൾ
തന്നത്ഭുത ക്രീഡയാൽ
മുന്നം ദാരുകകണ്ഠകാണ്ഡദളന—
ത്തിന്നംബ കൈക്കൊണ്ടൊരാ
സന്നദ്ധാഗ്രകൃപാണ വല്ലരി കനി—
ഞ്ഞെന്നല്ലൽ തീർത്തിടണം.

96

മുപ്പാരിന്നുമൊരമ്മ നിന്നിടവലം
പപ്പാതിയാമായിരം
തൃപ്പാണിത്തളിരും തിളക്കമൊരു പൊൻ—
മെപ്പാമണി ദർപ്പണം
നൽപ്പാശാങ്കുശമായുധം, വിവിധ, മാ—
കപ്പാടെ കണ്ടൊന്നു വ—
ന്ദിപ്പാനും കരളിൽ ദിനംപ്രതി വിചാ—
രിപ്പാനുമൊത്താൽ മതി.

97

ഊടാളും തനുവിൽ ജഗജ്ജനനി, നിൻ
വാടാമലർപ്പൊന്നു മെയ്
മൂടാനും സ്വകരാംഗുലിസ്പടകളാം
കോടാലി കൊണ്ടാജിയിൽ
ഓടാതാസുരസേനയാമൊരു കൊട്ടം
കാടാകവേ വെട്ടി മാ—
ററീടാനും വിഭു,വാഹസിംഹമുടനാ—
ച്ചൂടാററി മാം പോററണം.

98

അങ്കത്തിൽ സ്വയമനഘം കയറി നിൻ
കൊങ്കുക്കളിർക്കുന്നിൽ നി_
ശങ്കം ശൈശവവപ്രകേളി വിഗതാ_
തങ്കം നടത്തുന്നവൻ
സങ്കല്പിച്ചിട്ടവോക്കു കല്പതരു, വാ_
ഗ്പങ്കം പെടാതുള്ള നൽ_
ത്തങ്കത്തിട്ടിയലും വിനായകനുമെൻ
കൺകറ്റക്കു കാണാകണം

99

കൈതപ്പൊൻ മലരിൻെറ കാന്തി കവരും
കൈ തന്നിലുച്ചാടനാ_
ദൈത്യശ്രീഗ്ഗുരു, വേലുമായരികുലം
കൊയ്തത്ഭുതം കാട്ടുവോൻ
ചൈതന്യത്തോടു താരകാസുരവധം
ചെയ്യുന്ന ദൈതേയർ തൻ
മെയ്ത്തച്ചാജിയിലേററ നിന്നവമുഖ_
പൈതല്ക്കിതാ കൈതൊഴാം.

100

മൌലിക്കെട്ടിൽ മനോജ്ഞമായ് തിരുകിട്ടും
പീലിക്കിരീടം, ലതാ_
നൂലിൽ കോത്തോരുകനീമാല, ചുരിക_
ക്കോ, ലിത്തരം വസ്തുവാൽ
ചേലിൽ ഭാസിത, നമ്മ പണ്ഡഹഹ, താ_
ലോലിച്ച പോതം, ഘന_
ശ്രീലിപ്താത്മകനക്കിരാത ഭഗവാൻ
പാലിക്ക മാമനഘം.

101

അമ്മേ, യാതൊരു വസ്തു ദഗ്ധമദന-
ന്നുന്മേഷകൃ, ത്തേവരും
സമ്മേളിച്ചു യുഗക്ഷയങ്ങളിലണി-
പ്പൊന്മേട യാതൊന്നിലോ,
അ മ്മേന്മപ്പെരുമപ്രകർഷമിയലും
വന്മേരു പോൽ മിന്നിടും
നിന്മേനിക്കല മാമലയ്ക്കനുദിനം
ചെമ്മേ നമിക്കുന്നു ഞാൻ.

102

നാനാരത്നകലാപബാഢവിതമായ്
സൂനാസ്ത്രഭിത്തിൻ തിര—
ശ്ചീനാവർജ്ജിതനേത്രമാം തരണിയ-
ന്യൂനാഭമോടുന്നതായ്
മൈനാകായിതമാരമായ്, പരമൊളി—
ത്തു നാരമാം നിൻ സമീ—
പീനാംഗക്കടലിൽക്കടന്നു മനമാം
മീനാശ്വസിക്കട്ടെ മേ.

103

കാളായസ്ക്കരവാളമാഞ്ഞശനിയെ-
ക്കാളായതം വീശി, നൽ—
ക്കാളായ ദ്യുതിയൊത്തു കല്പവിഹൃതി—
ക്കാളായ ശാകം ഭരി!
കോളായംപെട്ടു മാഴി പോലെതിരിട്ടു-
മ്പോളായവണ്ണം ഘന-
ക്ഷ്വേളായന്ത്രിത രാമരക്കരെ വെവം
താളായരിഞ്ഞല്ലി നീ?

104

സ്വർഗ്ഗാണ്ഡഗൌരസിതാംഗി വാഗ്ജനനിയായ്,
ദുർഗ്ഗാഖ്യയാം ചണ്ഡിയായ്,
ഭർഗ്ഗാന്തഃപുരമായ്, ചരാചര പൃഥാഗ്—
വർഗ്ഗാഖിലാണ്ഡത്തെയും
സർഗ്ഗാവസ്ഥിതി ചെയ്തുഴം ഭവതിതാൻ
ദുർഗ്ഗാഹകല്പാന്ത സം—
സർഗ്ഗാഭംഗുരമൂർത്തിയെന്നൃഷികളാം
ഗർഗ്ഗാദ്യരോതുന്നവരം.

105

ഭൂതാധീശ്വരിയും, പുരാണസതിയും
പൂതാംഗി മാതംഗിയും,
ശ്രീ താനും, ശിവരാത്രിയായ ശിവയും
ശീതാദ്രി തൻ പുത്രിയും
വേതാളത്തിനു മേൽ കരേറി മരുവും
മാതാം മഹാമായയും
നീ താനെന്നു നിനപ്പു നിർമ്മല ചിദ—
ദ്വൈതാത്മികേ, ദേവി, ഞാൻ

106

ഞാ, നമ്മേ, കദനാർണ്ണവത്തിലുഴലും
ദീനൻ, കരേറ്റേണ്ടവാൻ
നൂനം നിൻ കരുണാകടാക്ഷതരിയെ—
ത്താനനഹം നോക്കി ഹാ
മീനം പോലെ മിഴിച്ചു കേഴവതൊര—
സ്ഥാനത്തിലാവാതെ ക—
ണ്ടാനന്ദൈശ്വവിധാനമാശു വിരചി—
ച്ചാനന്ദമേകീടണം.

107

സാരസ്യത്തൊടജാണ്ഡമണ്ഡലമഹാ—.
ശ്രീരത്നസിംഹാസനോ—
ദാരസ്ഥാനികൾ ദേവദേവർ പലരി—
ന്നേരം ജയിച്ചീടിലും
സാരജ്ഞേ, സതി, നീയൊഴിഞ്ഞപരനി—
ന്നാരംബ, സാക്ഷാൽ കൃതാ—
പാരം സിംഹമഹാസനസ്ഥിത, തവ—
സ്സ്വാരസ്യമന്യാദൃശം

108

കാതിൽ കല്ലണികമ്മൽ, കമ്രതനുവിൽ
പ്രീതിപ്രദം മാർദ്ദവം,
കോതികെട്ടിയ കുന്തലിൽക്കുഹു, നവം
വാർതിങ്കൾ വക്ത്രത്തിലും,
ശ്രീതിങ്ങും കൃശിമാവര,സ്സുരസിജ—
ച്ഛൃതിന്നു വൈപുല്യ, മീ—
രീതിസ്സുജ്ജ്വലമായൊരു ഗ്രസ്വകൃത—
ജ്യോതിസ്സിതാ കാണ്മുഞാൻ.

109

എൻകാതെ കഥ കേൾക്ക, വജ്രരസനേ,
കൺ കാണുകാണേണ്ട, താ
വിൺകാരേറല്ലുക പമ്മമേ, തെളിയുമാൽ
തങ്കാതെ മന്നാസികേ!
ശങ്കാപേതമയേ മതിഭ്രമര, നി—
ഷ്പങ്കാഭമോങ്കാരമാം
ഝങ്കാരത്തൊടു പൂക ശങ്കര വധൂ—
പൊൻകാൽത്തളിർ ത്താരകം.

110

ഓതാനാകരുതാത്തതേതൊരു മഹ,—
സ്സേതാണു ചേതസ്സുകൊ-
ണ്ടേതാവൽ പരിമാണമെന്നറിയുവാ-
നേതാൎക്കമാവാത്തതും,
ഹാ, താദൃഗ്വിധസച്ചിതാത്മക സുഖ—
ശ്രീതാവി മിന്നീടുമാ—
വീതാദ്യന്തപുരാണ പുഷ്കലകലാ—
പൂതാംശുമൂൎത്തേ തൊഴാം.

111

ശ്രീ വിദ്യാത്മികയായ് ശിവാങ്കതളിമ-
ദ്യോവിൽ തിളങ്ങീടുമാ—
ശ്രീ വിദ്യുല്ലതികയ്ക്കു, മക്ഷരമയ-
സ്ത്രീ വിഗ്രഹാൎച്ചിസ്സിനും
വാവിൽ തിങ്കളിലേശ്ശു പോലൊളിപക—
ന്നാവിൎദ്ദ്വയം ഷോഡശാ—
ത്മാവിൻ മണ്ഡല മദ്ധ്യ മദ്ധ്യുഷിതയാം
ഗോവിന്ദമായ് വന്ദനം.

112

മൂലാധാരചതുൎദ്ദളാംബുജമിളൽ—
ജ്വാലാരുണോൽ ഗതാര—
ശ്രീലാസ്യം, ശിവശീതളാദ്രിസുകൃത—
സ്ഥൂലാത്മകം നിൎമ്മലം
നാലാമ്നായമരക്കളിൎത്തളിരൊളി-
ക്കോലാഹലം ശാശ്വത—
സ്ത്രീലാവണ്യമയം ശിവേ, കിമപി നിൻ
ലീലാമഹസ്സോൎപ്പു ഞാൻ

113

സാരസ്യാമൃത സാരശീകര സദാ—
സാരം സദാ പെയ്തു, മോ—
ങ്കാരത്തിങ്കലൊളിച്ചു, മോത്തിനുചമൽ—
ക്കാരം ചമച്ചും പരം
സ്വൈരം സ്വാശ്രയചക്രമദ്ധ്യഗതമായ്
നീരന്ധ്രസംവർത്തകാം—
ഗാരജ്വാലകൾ പോലെയും തിരുവുടൽ-
ത്താരംബ, വീക്ഷിപ്പു ഞാൻ

114

ഈശാനല്പതപോ വിപാകമധുരം
ശ്രീ ശാരദാം ഭോധര-
ശ്രീശാരം ശതമന്യുചാപ ചതുരം
കാശാവദാതോദരം
ആശാർഹം മണിപൂരചക്രമഹിതാ-
കാശാന്തരോദിതപരം
കാശാവിൻ മലരൊത്ത കാന്തിനികരം
ഹാ, ശാന്തനീക്ഷിപ്പു ഞാൻ.

115

ഏത്താകുന്ന ചതുർത്ഥ ചക്ര പദമാ—
മുത്താന തുണ്ഡീകൃത—
പ്പോൽത്താരിന്നകമംബ, നിന്നാഘലസ—
ത്താം തന്വേ ശ്രീഭരം
തത്താദൃക് പ്രതിമം തടിത്തിനു കലാ—
പത്താവഹിക്കും പ്രഭാ—.
സത്താസംസ്ഥിതി സാധനം സപദിഹാ
മുത്താൻ കാണുന്നു ഞാൻ.

116

പ്രത്യംഗസ്ഫുരണ പ്രദശിത ശത—
പ്രത്യഗ്ര വിദ്യുച്ഛടാ—
പ്രത്യക്ഷഭ്രമണം വിശുദ്ധിയിലയേ
നിത്യം പരത്തുന്നതായ്
അത്യച്ഛസ്ഫടിക പ്രഭാ ധവളമായ്
നൃത്യക്രിയാനിർഭരൗ—
ചിത്യം നിൻ കുളിർ മെയ്പ്രകാശമനിശം
സ്തുത്യർഹമോരുന്നു ഞാൻ.

117

ജ്ഞാനാനന്ദമരന്ദ പാനലഹരീ—
ലീനാർദ്രചേതസ്കനായ്
ജ്ഞാനാജ്ഞാകമലത്തിലാത്മനിഭൃത—
ധ്യാനാഭിധാനാക്ഷിയാൽ
വാനാർപോലെ, നിലാവുപോലെവിശദം
വൈനായകാംബീയമാം
പീനാസേകസുധാ സുധാമ നിചയം
നാനാത്മകം കാൺകയായ്

118

ഇക്കാണായ ചരാചരം സ്വയമുദി—
പ്പിക്കാനുമൊന്നാകെ ര—
ക്ഷിക്കാനും കടുകാലവാൎദ്ധിയിലുടൻ
മുക്കാനു മീ മൂന്നിനും
തൽക്കാലങ്ങളിലാ ത്രിമൂൎത്തികളെയാർ
മുക്കാലുമാളാക്കി, മാ—
ച്ചിൽക്കാമ്പിൻെറ ചിരത്നസൂക്തി വിരയും
തൃക്കാല്ക്കിതാ കൈതൊഴാം.

119

സല്ലാപം ജപ മാംഗികക്രിയകളി—
    ന്നെല്ലാം ഭവല്ലാളനം
ചൊല്ലാം മൽഗതി നിൻ വലത്തുശയനം
    നില്ലാപ്രണാമം പരം
ഉല്ലാഘലങ്ങൾ ഭവൽസമാധിക,ളശേ—
    ഷോല്ലാസമാത്മാർപ്പണം
ചില്ലാ സ്യത്തിനരങ്ങു നിന്നപചിതി—
    ക്കല്ലാതെയില്ലൊന്നുമേ.

120

മായേ, മുക്തലയേ, ഹിമാദ്രിതനയേ,
    സ്വീയേ, മദീയേ, ഗതാ—
പായേ, വീതഭയേ, വിലാസലളിത—
    പ്രായേ, മഹേശപ്രിയേ!
തായേ, നിർവ്വിഷയേ, ജിതാഖില ജഗ—
    ജ്ജായേ, ജയേ, ചിന്മയ—
ഛായേ, ദേവി, ദയാലയേ, സഹൃദയേ
    നീയേക നിശ്രേയസം.

[illegible]


ശ്രീ [illegible] വിലാസം [illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

അംബികാഷ്ടപ്രാസ് രാമഭദ്രന്റെ രാമാഷ്ടപ്രാസത്തേക്കാൾ മികച്ച ഒരു കാവ്യശില്പമാണ് എന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്റെ കർത്താവായ ശ്രീ. മഠം എസ്. ശ്രീധരൻ നമ്പൂതിരി പ്രഗത്ഭനായ ഒരു ആയുർവേദ ഭിഷഗ്വരൻ, പണ്ഡിതനും വാസനാസമ്പന്നനുമായ ഒരു കവി, എന്നീ നിലകളിൽ കേരളീയർക്കു സുപരിചിതനാണ്. സുകൃതിസോപാനം, വസന്തോത്സവം, കന്യാന്തഃപുരത്തിലെ യുവയോഗി, സ്തോത്രമഞ്ജരി, വിശ്വദർശനം മുതലായവയാണ് ഇദ്ദേഹത്തിന്റെ മററു പ്രധാനപ്പെട്ട കൃതികൾ.

# അംബികാഷ്ടപ്രാസം

K183
6935



എം. എസ്. ശ്രീധരൻ നമ്പൂതിരി